പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1814      04.10.2011-ൽ മറുപടിയ്ക്ക്

## പഞ്ചായത്ത് കമ്പ്യൂട്ടറൈസേഷൻ ജോലികൾക്ക് സിസ്റ്റം മാനേജരുടെ ആവശ്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ഡോ. എം. കെ. മുനീർ<br>(ബഹു: പഞ്ചായത്തും<br>സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| (എ) | പഞ്ചായത്തുകളിൽ കമ്പ്യൂട്ടറൈസേഷൻ വഴി സമയബന്ധിതമായി ജനങ്ങൾക്ക് സേവനം നൽകുന്നതിന് സിസ്റ്റം മാനേജരുടെ ആവശ്യമുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (എ)യും<br>(ബി)യും<br>(സി)യും<br>(ഡി)യും | പഞ്ചായത്തുകളിൽ കമ്പ്യൂട്ടറൈസേഷൻ വഴി സമയബന്ധിതമായി സേവനം നൽകുന്നതിന് സിസ്റ്റം മാനേജരുടെ ആവശ്യമുള്ളതായി ബോദ്ധ്യപ്പെട്ടിട്ടില്ല. ഭൂരിഭാഗം ഗ്രാമ പഞ്ചായത്തുകളിലും കാലതാമസം കൂടാതെ തന്നെ ക്ഷേമ പെൻഷനുകൾ യഥാസമയം നൽകുന്നുണ്ട്. ചുരുക്കം ചില ഗ്രാമ പഞ്ചായത്തുകളിൽ മാത്രമാണ് ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ലഭിക്കാത്തതുമൂലം തടസ്സപ്പെട്ടിട്ടുള്ളത്. ആയത് പരിഹരിക്കാൻ ഇപ്പോഴുള്ള ബ്ലോക്ക്തല സാങ്കേതിക വിദഗ്ധനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | ഐ.കെ.എം. ഏർപ്പെടുത്തിയിട്ടുള്ള സിസ്റ്റം മാനേജർമാരുടെ സേവനം യഥാസമയം പഞ്ചായത്തുകൾക്ക് ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം മൂലം ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള സേവനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ആയത് പരിഹരിക്കുന്നതിനായി എന്ത് നടപടി നിലവിൽ സ്വീകരിച്ചിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ